(ബി) എങ്കിൽ ഇദ്ദേഹത്തെ സ്ഥലം മാറ്റിയത് എങ്ങോട്ടേക്കാണെന്ന് വിശദമാക്കുമോ;

(സി) പണിഷ്മെന്റ് ട്രാൻസ്ഫർ ആണ് നടത്തിയതെങ്കിൽ അത് ഇദ്ദേഹത്തിന്റെ വീടിന് അടുത്തേക്കാണ് നടത്തിയതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ജനപ്രതിനിധികൾ, ജില്ലാ വികസന സമിതിയോഗം എന്നിവയുടെ തീരുമാനപ്രകാരം നടത്തുന്ന ഇത്തരം നടപടികളുടെ അനന്തരഫലം ഇപ്രകാരമാക്കുന്നതിന് കാരണക്കാർ ആരെന്ന് അന്വേഷിച്ച് നടപടി എടുക്കുമോ?

ഉത്തരം

(എ) എടവിലങ്ങ് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറായ ഡോ. കെ. എൻ. രാജന്റെ പേരിൽ ജനപ്രതിനിധികൾ ആരോപിച്ച പരാതിയിൻമേൽ സ്ഥലംമാറ്റിയിട്ടില്ല. എന്നാൽ ഈ ഡോക്ടറെ 2005-ലെ പൊതുസ്ഥലം മാറ്റത്തിൽ അവിടെനിന്നും മാറ്റിയിട്ടുണ്ട്.

(ബി) വെള്ളാണിക്കര പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക്.

(സി) പണിഷ്മെന്റ് ട്രാൻസ്ഫർ നടത്തിയിട്ടില്ല. ഡോ. കെ. എൻ. രാജൻ 17-7-1999 മുതൽ എടവിലങ്ങ് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ജോലിനോക്കുന്നു. 2005-ലെ പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ടി ഡോക്ടർ പി. എച്ച്. സി. വെള്ളാനിക്കര, അനന്തപുരം, തൃക്കൂർ, പരളം എന്നിവിടങ്ങളിൽ ഏതിലെങ്കിലും ട്രാൻസ്ഫർ നൽകണമെന്ന് അപേക്ഷിച്ചിരുന്നു. സീനിയറായ മെഡിക്കൽ ആഫീസർ എന്നനിലയിൽ ഡോക്ടർക്ക് നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് ഒന്നാമത്തെ ചോയിസിൽ സ്ഥലം മാറ്റം നൽകി.

(ഡി) ബാധകമല്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസനസമിതി തീരുമാനങ്ങൾ

240 [3214] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസനസമിതി തീരുമാനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തീരുമാനങ്ങളിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 10-3-2004-ൽ ചേർന്ന ആശുപത്രി വികസനസമിതി യോഗതീരുമാനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. എച്ച്. ഡി. എസിന്റെകീഴിൽ പേയിംഗ് കൗണ്ടറിൽ പുതിയതായി നിയമിച്ച അക്കൗണ്ട് ഓഫീസറുടെയും സി.റ്റി. സ്കാൻ യൂണിറ്റിൽ നിയമിച്ച ക്യാഷ്യറുടെയും നിയമനം റദ്ദാക്കാൻ തീരുമാനിച്ചു.

2. 26-2-2004-ൽ ജനറൽബോഡി എടുത്ത തീരുമാനത്തിന് വിപരീതമായി പേയിംഗ് കൗണ്ടർ മാനേജരെ പിരിച്ചുവിട്ട സെക്രട്ടറിയുടെ നടപടിക്രമം പിൻവലിച്ച് മാനേജരെ തിരിച്ചുവിളിക്കുക.

3. സാമ്പത്തിക ഇടപാടുകളിൽ കൃത്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി മാസത്തിലൊരിക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗംചേരുക.

4. ആശുപത്രി വികസനസമിതിയുടെ കുറ്റമറ്റ പ്രവർത്തനത്തിനുവേണ്ടി സാമ്പത്തിക ഇടപാടുകൾ എല്ലാംതന്നെ കമ്മിറ്റിയിൽവച്ച് തീരുമാനമെടുക്കുക.

5. മെഡിക്കൽകോളേജ് മോർച്ചറി നവീകരണം അടിയന്തിരമായി പൂർത്തിയാക്കുക.

6. എച്ച്. ഡി. എസിന്റെകീഴിൽ നടത്തുന്ന നിയമനങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റികൂടി തീരുമാനിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ലിസ്റ്റു വരുത്തി ഇന്റർവ്യൂ ചെയ്ത് മാത്രം നടത്തുക.

(ബി) പ്രസ്തുത തീരുമാനങ്ങളിൻമേൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. രണ്ട് നിയമനങ്ങൾ റദ്ദാക്കി.

2. പേയിംഗ് കൗണ്ടർ മാനേജരെ തിരികെ എടുത്തുകൊണ്ട് സെക്രട്ടറി നടപടിക്രമം പുറപ്പെടുവിച്ചുവെങ്കിലും മാനേജർ തിരികെ പ്രവേശിച്ചിട്ടില്ല.

3. രണ്ടു മാസത്തിലൊരിക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരുന്നുണ്ട്.

4. ഇപ്പോൾ എച്ച്. ഡി. എസിന്റെ സാമ്പത്തിക ഇടപാടുകൾ എല്ലാംതന്നെ കമ്മിറ്റിയിൽവച്ച് തീരുമാനമെടുക്കുന്നുണ്ട്.

5. മോർച്ചറി നവീകരിച്ച് പുതിയ കോൾഡ് സ്റ്റോറേജ് മുറിയും മോർച്ചറി ക്യാബിനും സജ്ജീകരിച്ചു.

6. ഇപ്പോൾ എച്ച്. ഡി. എസിന്റെകീഴിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റുവരുത്തി ഇന്റർവ്യൂ നടത്തിയാണ് നിയമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly